പതിമൂന്നാം കേരള നിയമസഭ

പന്ത്രണ്ടാം സമ്മേളനം

* നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ. 298

12/12/2014-ൽ മറുപടിക്ക്

## പക്ഷിപ്പനി മൂലം നഷ്ടം സംഭവിച്ച കർഷകർക്ക് സമാശ്വാസ പദ്ധതികൾ

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. തോമസ് ഉണ്ണിയാടൻ :<br>ശ്രീ. മോൻസ് ജോസഫ്:<br>ശ്രീ. റ്റി.യു. കുരുവിള :<br>ശ്രീ. സി.എഫ്. തോമസ്: | കെ.പി. മോഹനൻ<br>(കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പു മന്ത്രി) |
| എ) ആലപ്പുഴ, പത്തനംതിട്ട, കോട്ടയം ജില്ലകളിൽ പടർന്നു പിടിച്ച പക്ഷിപ്പനി മൂലം താറാവും കോഴിയും വലിയ തോതിൽ നഷ്ടപ്പെട്ട കർഷകർക്ക് എന്തൊക്കെ സമാശ്വാസ പദ്ധതികളാണ് സർക്കാർ ആവിഷ്കരിച്ചുവരുന്നത് എന്ന് വ്യക്തമാക്കുമോ; | എ) പക്ഷിപ്പനി മൂലം താറാവും കോഴിയും നഷ്ടപ്പെട്ട കർഷകർക്ക്, 2 മാസത്തിലധികം പ്രായമായ പക്ഷിക്ക് 200 രൂപയും, രണ്ടുമാസത്തിൽ താഴെയുള്ള പക്ഷിക്ക് 100 രൂപയും നശിപ്പിച്ച മുട്ട ഒന്നിന് 5 രൂപ വീതവും നഷ്ടപരിഹാരം നൽകി വരുന്നു. |
| ബി) താറാവ് കർഷകരുടെ കാർഷിക ലോണുകൾ എഴുതി തള്ളുന്നതിനും നഷ്ടപ്പെട്ട താറാവുകൾക്ക് മതിയായ നഷ്ടപരിഹാരം നൽകുന്നതിനും എന്തൊക്കെ നടപടികൾ ഉണ്ടാകുമെന്ന് വ്യക്തമാക്കുമോ; | ബി) കർഷക പ്രതിനിധികളുമായുള്ള ചർച്ചകൾക്കു ശേഷം പരിശോധിച്ച് തീരുമാനിക്കുന്നതാണ്. |
| സി) പക്ഷിപ്പനി മൂലം വ്യാപക നഷ്ടമുണ്ടായ കർഷകർക്ക് പുതുതായി താറാവ് വളർത്തൽ നടത്തുന്നതിന് സൗജന്യമായി താറാവിൻ കുഞ്ഞുങ്ങളെ നൽകുന്നതിന് നടപടികൾ ഉണ്ടാകുമോ? | സി) താറാവു കർഷകരെ സഹായിക്കുന്നതിന് പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ